പതിമൂന്നാം കേരള നിയമ സഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2299

20.6.2012 ൽ മറുപടിക്ക്

## വേദനസംഹാരി മരുന്നുകളുടെ ദുരുപയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വേദനസംഹാരി മരുന്നുകൾ വിപുലമായ തോതിൽ മയക്കമരുന്നായി ഉപയോഗിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) ഇതിന്റെ ഉറവിടം എവിടെ നിന്നാണെന്ന് അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ)&(ബി) സംസ്ഥാനത്ത് വേദനസംഹാരി മരുന്നുകൾ വിപുലമായ തോതിൽ മയക്കമരുന്നായി ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.എന്നാൽ ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുകയും നടപടി എടുക്കുകയും ചെയ്തിട്ടുണ്ട്. എറണാകുളത്ത് ഒരു വ്യക്തി Spasmoproxyvon എന്ന വേദന സംഹാരി മരുന്ന് ആവശ്യത്തിന് രേഖകളില്ലാതെ കൈവശം വെയ്ക്കുകയും മരുന്ന് കസ്റ്റഡിയിലെടുത്ത് എറണാകുളം ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഏല്പിക്കുകയും ടിയാൾക്ക് എതിരെ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. അന്വേഷണത്തിൽ ഈ മരുന്ന് വില്പന നടത്തിയ എറണാകുളം തമ്മനത്തുള്ള സന്തോഷ് ഫാർമസി എന്ന സ്ഥാപനത്തിന്റെ ലൈസൻസ് റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്. വയനാട് മുത്തങ്ങ എന്ന സ്ഥലത്ത് ഒരു വ്യക്തിയിൽ നിന്ന് 2304 എണ്ണം Spasmoproxyvon എന്ന വേദന സംഹാരി മരുന്ന് കസ്റ്റഡിയിലെടുക്കുകയും സുൽത്താൻ ബത്തേരി ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഏല്പിക്കുകയും ടിയാൾക്ക് എതിരെ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. കോഴിക്കോട് പോലീസ് പിടിച്ച 6000 Strip Spasmoproxyvon എന്ന വേദന സംഹാരി മരുന്ന് വിതരണം ചെയ്ത പാലക്കാട്ടുള്ള റീട്ടെയിൽ ഷോപ്പിനെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ഹോൾസെയിൽ മെഡിക്കൽ ഷോപ്പിനെതിരെ നടപടി സ്വീകരിച്ച് വരുകയും ചെയ്യുന്നു. തിരുവനന്തപുരത്തുള്ള ഒരു ലോഡ്ജിൽ നിന്നും keetamin എന്ന വേദന സംഹാരി മരുന്ന് 30 പായ്ക്കറ്റ് പിടികൂടുകയും നിയമ നടപടി എടുക്കുകയും ചെയ്തിട്ടുണ്ട്. keetamin എന്ന മരുന്ന് തമിഴ്നാട്ടിൽ നിന്നും കൊണ്ടുവന്നതാണെന്ന് അറിയുന്നു. |
| (സി) വേദനസംഹാരികൾ മയക്കമരുന്നായി ഉപയോഗിക്കുന്നതു തടയുന്നതിന് എന്ത് നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ? | (സി)വേദനസംഹാരികൾ മയക്കമരുന്നായി ഉപയോഗിക്കുന്നതു തടയുന്നതിനു Narcotic Drugs & Psychotropic Substance Act പ്രകാരം നടപടി സ്വീകരിക്കുന്നതിന് പോലീസിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഈ വിധത്തിലുള്ള മരുന്നുകൾ ഔഷധമായി മെഡിക്കൽ ഷോപ്പുകൾ വഴി വിൽക്കുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പാണ് ലൈസൻസ് നൽകുന്നത്. ഡോക്ടറുടെ പ്രിസ്ക്രിപ്ഷനോടുകൂടി മാത്രമേ ഇത് വില്പന നടത്താൻ പാടുള്ളൂ. ഇത്തരം മരുന്നുകളുടെ വില്പന കർശനമായി നിരീക്ഷിച്ചു വരുന്നുണ്ട്. Purchase bill, prescription, sale records മുതലായ രേഖകളില്ലാതെ പ്രസ്തുത മരുന്നുകൾ വില്പന നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി എടുക്കുന്നുണ്ട്. എല്ലാ മാസവും ഇത്തരത്തിലുള്ള മരുന്നുകളുടെ വിപണന ശൃംഖല പരിശോധിച്ച് കൂടുതൽ മരുന്നുകൾ കൈകാര്യം ചെയ്യുന്നവരുടെ കടയിൽ വിശദമായ പരിശോധന നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ